**മധുരമായ കുട്ടികളേ– ഭഗവാൻ വന്നിരിക്കുകയാണ് എല്ലാ ഭക്തരെയും ഭക്തിയുടെ ഫലമായ മുക്തി– ജീവന്മുക്തിയുടെ ആശ്രയസ്ഥാനം കൊടുക്കുന്നതിനു വേണ്ടി. നിങ്ങൾ ഭക്തരിൽ നിന്ന് ഇപ്പോൾ അവകാശി കുട്ടികളായി മാറിയിരിയ്ക്കുക യാണ്.**

**ചോദ്യം** : നിങ്ങൾ കുട്ടികൾ ഏതൊരു സ്മൃതിയിലിരിക്കുകയാണെങ്കിൽ മനസിൽ സന്തോഷം കൊണ്ട് ആനന്ദനൃത്തം ചെയ്യും?

**ഉത്തരം** : സദാ സ്മൃതിയുണ്ടായിരിക്കണം– അതിസ്നേഹിയായ ബാബ വന്നിരിക്കുകയാണ് നമ്മളെ വിശ്വത്തിന്റെ അധികാരി, രാജാക്കന്മാരുടെയും രാജാവാക്കി മാറ്റാൻ. നമ്മൾ ഇപ്പോൾ സൂര്യവംശി രാജാ–റാണിയായി മാറിക്കൊണ്ടിരിക്കുകയാണ്. ബാബ നമ്മളെ 21 ജന്മത്തേക്ക് എവർ ഹെൽത്തി വെൽത്തി ആക്കി മാറ്റിക്കൊണ്ടിരിക്കുകയാണ് നമ്മുടെ സത്യയുഗീരാജ്യത്തിൽ എല്ലാ സാധനങ്ങളും ഫസ്റ്റ് ക്ലാസ് ആയിരിക്കും. തത്വവും സതോപ്രധാനമാകും. ആത്മാവും ശരീരവും രണ്ടും പുഷ്പം പോലെയായിരിക്കും. ഈ സ്മൃതിയിലൂടെ മനസ് ആനന്ദനൃത്തമാടും.

**ഓം ശാന്തി**. കുട്ടികൾക്കറിയാം ബാബ പരംധാമത്തിലിരിക്കുന്നവനാണ്. ആ ബാബ സ്വയം കുട്ടികളോട് പറയുകയാണ്– ഇപ്പോൾ നിങ്ങൾ ഭക്തരല്ല. ഇപ്പോൾ നിങ്ങൾ ഭഗവാന്റെ കുട്ടികളാണ്. ഭക്തർ ഭഗവാനെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഭക്തരെ ഭഗവാനെന്നു പറയാൻ സാധിക്കില്ല. ഭക്തർ അനേകമാണ്. ഭഗവാൻ ഒന്നേയുള്ളൂ. ഇപ്പോൾ ഭക്തർ മനുഷ്യരാണെങ്കിൽ തീർച്ചയായും ഭഗവാനു തന്നെ മനുഷ്യരൂപത്തിൽ വരേണ്ടതായി വരും. പറയുന്നുമുണ്ട്–ഭഗവാൻ വീട്ടിലിരുന്നു തന്നെ വരും. ആരുടെ വീട്ടിൽ? മനുഷ്യരുടെ വീട്ടിൽ. ഭഗവാനു തീർച്ചയായും മനുഷ്യരൂപം ധരിക്കേണ്ടതായി വരും. നിരാകാരനായ പരംപിതാപരമാത്മാവ് ഒന്നേയുള്ളൂ. ഭക്തർ അനേകമുണ്ട്. എല്ലാ മനുഷ്യരും ഈ സമയത്ത് ഭക്തരാണ്. ഭഗവാനെ ഓർമിക്കുകയാണ്. മനസിലാക്കുന്നുമുണ്ട്–ഏതെങ്കിലും സമയത്ത് ഭഗവാനു തീർച്ചയായും വരേണ്ടതായിട്ടുണ്ട്. ഭഗവാൻ സ്വർഗത്തിന്റെ രചയിതാവാണ്. അതുകൊണ്ട് തീർച്ചയായും ഒരാൾ തന്നെയായിരിക്കുമല്ലോ. അനേകരുണ്ടാവില്ലല്ലോ. ഭഗവാൻ വന്ന് മനുഷ്യരൂപത്തിൽ ഭക്തർക്ക് മനസിലാക്കിക്കൊടുക്കുകയാണ്. അരകൽപം എന്നെ ഓർമിക്കുന്നു. ഡ്രാമയനുസരിച്ച് തീർച്ചയായും ഭക്തിമാർഗത്തിൽ ഓർമിക്കുക തന്നെ വേണം. പിന്നീട് ഭഗവാനായ ഞാൻ മനുഷ്യന്റെ രൂപം ധാരണ ചെയ്ത് ഭക്തരുടെയടുത്ത് വരുന്നു. ഭക്തരും മനുഷ്യരാണല്ലോ അതിനാൽ എനിക്ക് കാണേണ്ടതും മനുഷ്യരുമായിട്ടാണ്. തീർച്ചയായും മനുഷ്യരൂപം ധാരണ ചെയ്യും, അല്ലാതെ മത്സ്യ കൂർമ്മ അവതാരമൊന്നും എടുക്കുന്നില്ല. ബാബ പറയുന്നു– ഞാൻ വന്ന് കുട്ടികൾക്ക് എന്റെ പരിചയം തരികയാണ്. എന്റെയടുത്തേക്ക് ആർക്കും വരാൻ സാധിക്കില്ല. അതുകൊണ്ട് ഞാൻ വന്ന് എന്റെ പരിചയം തരികയാണ്. എന്നിട്ട് പറയുന്നു– ഞാൻ വന്നിരിക്കുന്നുവെന്ന്. നിങ്ങൾ കുട്ടികൾക്കറിയാം ബാബ മനുഷ്യശരീരം എടുത്ത് വന്നിരിക്കുകയാണ്. ഇതും മനസിലാക്കിത്തരുന്നുണ്ട്–ഞാൻ ഏതു ഭക്തന്റെ ശരീരത്തിലാണ് പ്രവേശിച്ചിരിക്കുന്നതെന്ന്. ഈ ബ്രഹ്മാവാണ് ഏറ്റവും വലിയ ഭക്തൻ. ഒരു ഭക്തൻ മാത്രമല്ല ഉള്ളത്. ഏതെല്ലാം പഴയ ഭക്തരുണ്ടോ അവരുടെ കണക്കും പറഞ്ഞുതരുന്നു. അതേ പ്രാചീനദേവീദേവതമാർ സത്യയുഗത്തിന്റെ ആദിയിലുണ്ടായിരുന്നു. പിന്നീട് അവർ ഭക്തിമാർഗത്തിൽ വരുന്നു. ഭക്തി തുടങ്ങുന്നു. അതുകൊണ്ട് അദ്ദേഹം തന്നെയാണ് ഏറ്റവും പഴയ ഭക്തൻ. അദ്ദേഹം തന്നെയാണ് പൂർണമായും ഭക്തി ചെയ്യുന്നത്. അവർ തന്നെയാണ് ഭഗവാനുമായി മിലനം നടത്തി ദേവീദേവതാപദവി പ്രാപ്തമാക്കുന്നതിന് വന്നിരിക്കുന്നത്. പിന്നീട് വന്ന് സന്മുഖത്ത് കാണുന്നു. നിങ്ങൾക്കറിയാം നമ്മളെല്ലാവരും ഭക്തരായിരുന്നു. മുഴുവൻ ലോകവും ഭക്തരാണ്. ഭഗവാൻ വന്നിരിക്കുകയാണ് ഭക്തരുടെ രക്ഷ ചെയ്യുന്നതിനു വേണ്ടി. ഭക്തർ വളരെ ദു:ഖിതരാണ്. ഭക്തർക്ക് ശാന്തിയും സുഖവും എവിടെയാണ് ഉള്ളതെന്നറിയില്ല. ഭഗവാൻ വന്ന് മനസിലാക്കിത്തരികയാണ്–ഞാൻ എപ്പോഴാണോ വരുന്നത് അപ്പോൾ കുട്ടികൾക്ക് സമ്മാനങ്ങളുമായാണ് വരുന്നത്. ഇപ്പോൾ നിങ്ങൾ മനസിലാക്കുന്നു– നമ്മൾ ഭക്തരാണെന്ന്. ഭഗവാൻ വന്ന് തന്റെ തന്നെ അവകാശികളാക്കി മാറ്റിയിരിക്കുന്നു. ഭക്തർ അവകാശികളാകുന്നില്ല. അവർ ഇങ്ങനെ മനസിലാക്കുന്നുമില്ല–നമ്മൾ അവകാശികളാണെന്ന്. ബാബയിൽ നിന്ന് നമുക്ക് സമ്പത്തെടുക്കണം. മനുഷ്യർ പറയുന്നു– സർവവ്യാപിയാണെന്ന്. അങ്ങനെയെങ്കിൽ പിന്നെ ഭഗവാൻ എവിടെ നിന്നു വരും. ഇപ്പോൾ നിങ്ങൾക്ക് സമ്പത്ത് തീർച്ചയായും വേണം. അതുകൊണ്ട് എന്നെ ഓർമിക്കൂ. സമ്പത്തും വളരെ ഫസ്റ്റ് ക്ലാസ് ആയിരിക്കണം. സെക്കന്റ്, തേഡ്ക്ലാസല്ല. എല്ലാ ഭക്തരും ഭഗവാനെ ഓർമിക്കുന്നുണ്ട്. ഭഗവാനെ കാണാനും ആഗ്രഹിക്കുന്നു. എന്നാൽ എങ്ങനെയാണ് കാണേണ്ടത്. എങ്ങനെ ഭഗവാന്റെ അടുത്തുപോകും ഇതൊന്നും അവർക്കറിയില്ല. അതുകൊണ്ട്

ഭഗവാന് ഇങ്ങോട്ടു വരേണ്ടതായി വരുന്നു. പഠിപ്പിക്കുന്നുമുണ്ട്, നിങ്ങൾക്കറിയാം ഭഗവാൻ വന്നിരിക്കുക യാണെന്ന്. എല്ലാവർക്കും ഭക്തിയുടെ ഫലം തരാൻ വേണ്ടി അഥവാ എല്ലാവർക്കും സുഖം തരാൻവേണ്ടി ഭഗവാന് ഇപ്പോൾ തന്നെയാണ് വരേണ്ടത്. ഭഗവാൻ ആത്മീയ വഴികാട്ടിയാണ്. വാസ്തവത്തിൽ മനുഷ്യരുടെ സത്യം സത്യമായ തീർഥമാണ് മുക്തിയും ജീവന്മുക്തിയും. സ്വർഗത്തിലിരിക്കുന്നവരായ ദേവതകളുടെ ചിത്രം ഇവിടെയുണ്ട്. ആ ജഡചിത്രങ്ങളുടെയടുത്ത് പോവുകയാണ് ഓർമിക്കുന്നതിനു വേണ്ടി. അത് ഭൗതികയാത്രയാണ്. ഇവിടെ ആത്മീയ യാത്രയാണ്. ദിൽവാരക്ഷേത്രം അല്ലെങ്കിൽ ജഗദംബയുടെ അടുത്ത് യാത്ര ചെയ്യാൻ വേണ്ടി പോകുന്നു. അതും ഭക്തിയാണ്. ഭഗവാൻ വന്ന് ഈ യാത്രയുടെ ബുദ്ധി മുട്ടിൽ നിന്ന് മുക്തമാക്കുന്നു. ഭക്തർ ഭഗവാനെ കാണുകയാണെങ്കിൽ ഭഗവാൻ ഭക്തിയുടെ ദു:ഖത്തിൽ നിന്ന് മുക്തമാക്കി അവർക്ക് ആശ്രയസ്ഥാനം നൽകുന്നു. ബാബ പറയുന്നു– ഏതെല്ലാം ധർമത്തിൽ പെട്ടവരുണ്ടോ അവർക്കെല്ലാം ആശ്രയം നൽകാൻ ഞാൻ വന്നിരിക്കുകയാണ്. യഥാർത്ഥത്തിലുള്ള ആശ്രയസ്ഥാനമാണ് മുക്തിയും ജീവന്മുക്തിയും. എല്ലാവരെയും അവരുടെ ധാമത്തിലേക്ക് അഥവാ സ്വർഗത്തിലേക്ക് കൊണ്ടുപോകുന്നു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ബാബ പരംധാമത്തിൽ നിന്ന് വന്നിരിക്കുന്നുവെന്ന്. ആത്മാവു തന്നെയാണ് ആഗ്രഹിക്കുന്നത് നമുക്ക് ഭഗവാന്റെ അടുത്തേക്കു പോകണമെന്ന്. ആരാണ് ഓർമിക്കുന്നത്? ആത്മാവു തന്നെയാണ് ഓർമിക്കുന്നത് ഈ ശരീരത്തിലൂടെ. ബാബ പറയുന്നു– ഇപ്പോൾ നിങ്ങൾക്ക് ദേഹീഅഭിമാനിയായി മാറണം. നിങ്ങളുടെ ബുദ്ധിയിൽ ജ്ഞാനം ഇറ്റിറ്റു വീണുകൊണ്ടിരിക്കുന്നുണ്ട്. ശരിക്കും ഡ്രാമയനുസരിച്ച് ബാബ വന്നിരിക്കുയാണ്. കുട്ടികളെ രാവണന്റെ ദു:ഖത്തിൽ നിന്ന് മോചിപ്പിച്ച് തന്റെ കൂടെ കൊണ്ടുപോകും. ഗൈഡായി വന്നിരിക്കുകയാണ്. നിങ്ങൾക്ക് ആത്മീയ തീർത്ഥങ്ങളിൽ എവിടെ പോകണോ അവിടെ നിന്നു പിന്നെ തിരിച്ചു വരേണ്ടതില്ല. ഇവിടെ അല്പകാലത്തേക്കുള്ള ഭൗതികതീർത്ഥമാണ്. ഈ ജഡതീർത്ഥം അവസാനിക്കും. നിങ്ങൾ എല്ലാ തീർത്ഥങ്ങളിലും പോകും. സത്യമായ തീർത്ഥം ഒരേയൊരു മുക്തിധാമമാണ്. മറ്റൊന്നു ജീവന്മുക്തിധാമം. ഈ എല്ലാ തീർത്ഥങ്ങളിലും പോകുന്നതിനു വേണ്ടി ഭക്തർ ഭൗതികയാത്ര ചെയ്തുകൊണ്ടേയിരിക്കുന്നു. ശരിക്കും ഭൗതികയാത്ര ജന്മജന്മാന്തരം ചെയ്തുകഴിഞ്ഞ് പിന്നീട് അതിൽ നിന്നു മുക്തമായി നമ്മൾ ആത്മീയ തീർത്ഥത്തിലേക്കുപോകും. പിന്നീട് ഈ മൃത്യുലോകത്തിൽ വരേണ്ട ആവശ്യമില്ല. മുക്തിധാമത്തിൽ പോയി ഇരിക്കും. വരവും പോക്കും അവസാനിക്കും. പിന്നീട് സ്വർഗത്തിലേക്കു പോകും. അപ്പോൾ അവിടെ നിന്ന് വരവും പോക്കും നടന്നു കൊണ്ടിരിക്കും. സ്വർഗവാസിയായി മാറും. നിങ്ങൾക്കറിയാം ബാബ നമ്മളെ സ്വർഗവാസിയാക്കി മാറ്റാൻ വേണ്ടി വന്നിരിക്കുകയാണ്. നമ്മൾ സ്വർഗത്തിൽ പോകാനുള്ള തയ്യാറെടുപ്പ് നടത്തുകയാണ്. ലോകത്തിൽ ഇതൊന്നും ആർക്കുമറിയില്ല. അത്രയും ബുദ്ധുക്കളാണ്. ശാസ്ത്രങ്ങളും മറ്റും പഠിച്ചിട്ടും കാര്യമൊന്നുമില്ല. ഇപ്പോഴത്തെ കാര്യം നോക്കുമ്പോൾ അങ്ങനെത്തന്നെയാണ്. അല്പകാലത്തെ സുഖം മാത്രമാണ്. ജാസ്തി മധുരവും കുറച്ചുമധുരവും തമ്മിൽ വ്യത്യാസമുണ്ടല്ലോ.

ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ സൂര്യവംശിരാജാവും റാണിയുമായി മാറുകയാണ്, മനുഷ്യർ ആഗ്രഹിക്കുന്നു–വളരെ വലിയ ധനവാനാകണം. സമ്പത്തു തീർച്ചയായും വേണമല്ലോ–അപ്പോഴല്ലേ സുഖവും ശാന്തിയമുമുണ്ടാവൂ. സമ്പത്തിന്റെ കൂടെ പിന്നെ ഹെൽത്തും വേണം. ഹെൽത്തും വെൽത്തുമുണ്ടെങ്കിൽ സുഖവും വളരെയുണ്ടാവും. ഈ ലോകത്തിൽ ഹെൽത്തും വെൽത്തും രണ്ടുമില്ല. ഒരു ജന്മത്തേക്കു വേണ്ടി ഒരു മനഷ്യന്റെയടുത്ത് ഇതുണ്ടാവില്ല. അവിടെ നിങ്ങളെല്ലാവരും 21 ജന്മത്തേക്ക് ഹെൽത്തി വെൽത്തിയായിരിക്കും. അവിടെ അനാദി, ആദി ഓരോ സാധനങ്ങളും വളരെ കുറഞ്ഞ വിലയേ ഉണ്ടാവൂ. പൈസയുടെ ആവശ്യം തന്നെ അവിടെയില്ല. സാധനങ്ങൾ വളരെ നല്ലതുമായിരിക്കും. തത്വങ്ങളും സതോപ്രധാനമായിരിക്കും. അതുകൊണ്ട് സാധനങ്ങളും നന്നായി ഉണ്ടാവും. ഭക്ഷണസാധനങ്ങളെല്ലാം എത്ര രസകരമായിരിക്കും. ഇപ്പോൾ നിങ്ങളുടെ മനസ് ആനന്ദനൃത്തം ചെയ്യണം. ഏറ്റവും പ്രിയപ്പെട്ടവനായ ബാബ വന്നിരിക്കുകയാണ്. എന്നിട്ടു പറയുകയാണ്. ഞാൻ നിങ്ങളുടെ പ്രിയപ്പെട്ട ബാബയാണ്. 63 ജന്മം നിങ്ങളെന്നെ ഓർമിച്ചു. തീർച്ചയായും പ്രിയപ്പെട്ടവനാണ്. അതുകൊണ്ടല്ലേ ഓർമിക്കുന്നത്. മനുഷ്യർക്കാണെങ്കിൽ ഒന്നുമറിയില്ല. ബാബ നമ്മളെ രാജാക്കന്മാരുടെയും രാജാക്കന്മാരാക്കി, സ്വർഗത്തിന്റെ അധികാരിയാക്കി വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ദേവീദേവതകൾ വിശ്വത്തിന്റെ അധികാരിയാണല്ലോ. എന്നാൽ അവരിലും തെറ്റായ കളങ്കങ്ങൾ ചെറുപ്പം മുതൽക്കേ ചാർത്തി വന്നു. എത്ര തെറ്റായ കാര്യങ്ങളാണ് അവരെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. മായ തികച്ചും 100 ശതമാനം അവിവേക ബുദ്ധിയാക്കി മാറ്റിയിരിക്കുന്നു. ഇതും ഡ്രാമയിലെ കളിയാണ്. അതുകൊണ്ട് ഇപ്പോൾ നമ്മുടെ ഏറ്റവും പ്രിയപ്പെട്ട അച്ഛൻ പറയുന്നു– എന്നെ നിങ്ങൾ പൂർണമായും ഓർമിക്കുകയാണെങ്കിൽ നിങ്ങളുടെ മുഴുവൻ വികർമവും വിനാശമാകും. പുഷ്പങ്ങളായിമാറും. ആത്മാവ് പുഷ്പമായി മാറിയാൽ ശരീരവും നല്ലതു ലഭിക്കും. ത്വമേവ മാതാശ്ച പിതാ.... ഇതാരുടെ മഹിമയാണ്. പട്ടിയിലും പൂച്ചയിലുമെല്ലാം ഈശ്വരനുണ്ടെങ്കിൽ എന്താ അവരെ മാതാപിതാവെന്നു പറയുമോ. മനുഷ്യരുടെ ബുദ്ധി എന്തായി മാറിയിരിക്കുന്നു. എത്ര പ്രഭാവമാ

ണ് കാണിക്കുന്നത്. ഇതിനെ പറയുന്നതു തന്നെ മായയുടെ പ്രഭാവമെന്നാണ്. രാവണന്റെ രാജ്യത്തിൽ മനുഷ്യരുടെ ലഹരി എത്രയാണ്. ഒന്നുമറിയുന്നുമില്ല. നിങ്ങളിലും നല്ല രീതിയിൽ ജ്ഞാനത്തെ ധാരണ ചെയ്യുന്നവരുണ്ട്. അവർക്ക് ലഹരി വർധിക്കുന്നുണ്ട്. ജ്ഞാനത്തിന്റെ ധാരണ ഇല്ലെങ്കിൽ മുഖം മനുഷ്യരുടേതാണെങ്കിലും സ്വഭാവം കുരങ്ങന്റേതായിരിക്കും. നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസിലാക്കുന്നുണ്ട്. നമ്മൾ ശ്രീമതത്തിലൂടെ നടന്ന് ഭാരതത്തിലെ മനുഷ്യരെ ശ്രേഷ്ഠദൈവികഗുണധാരികളാക്കി മാറ്റുകയാണെന്ന്. അർഥം നമ്മൾ ഭാരതത്തെ ശ്രേഷ്ഠദൈവിക രാജസ്ഥാൻ ആക്കിമാറ്റുകയാണ്. ആർക്കാണോ ഈ ലഹരിയുള്ളത് അവരേ ഇങ്ങനെ പറയൂ. എവിടെയെങ്കിലും ഭാഷണം ചെയ്തോളൂ- പറയൂ-ഞങ്ങൾ ശ്രീ അർഥം ശ്രേഷ്ഠമതത്തിലൂടെ നടക്കുകയാണ്. ഭഗവാൻ ജ്ഞാനത്തിന്റെ സാഗരനാണ്, ആനന്ദത്തിന്റെ സാഗരനാണ്. നമ്മൾ ഭഗവാന്റെ മതത്തിൽ നടക്കുകയാണ്. യാദവരും കൗരവരും രണ്ടു കൂട്ടരും രാവണന്റെ മതത്തിലാണ് നടക്കുന്നത്. നമ്മൾ പാണ്ഡവർ ഭഗവാന്റെ ശ്രീമതത്തിൽ നടക്കുന്നു. വിജയവും നമ്മളുടേതാണ്. കൃഷ്ണൻ ഏതെങ്കിലും സ്വർഗമൊന്നും സ്ഥാപിക്കുന്നില്ല. ഭഗവാൻ ബാബ തന്നെയാണ് സ്വർഗം സ്ഥാപിക്കുന്നത്. നമ്മൾ ഭാരതത്തെ ശ്രേഷ്ഠമാക്കി മാറ്റുകയാണ്. ഇങ്ങനെ വേറെയാർക്കും പറയാൻ സാധിക്കുകയില്ല-നമ്മൾ ഈശ്വരീയ മതത്തിലാണ് നടക്കുന്നതെന്ന്. ഒരുപക്ഷേ ഇങ്ങനെ പറയും ഈശ്വരന്റെ പ്രേരണയിലൂടെയാണ് ചെയ്യുന്നതെന്ന്. ബാബ പറയുന്നു- ഞാൻ ഈ ശരീരത്തിൽ വന്ന് നിർദ്ദേശം തരികയാണ്. ഇതിൽ പ്രേരണയുടെ കാര്യമൊന്നുമില്ല. അതുകൊണ്ട് ആദ്യമാദ്യം നിരാകാരന്റെ മഹിമ ചെയ്യണം. ഭഗവാൻ മനുഷ്യസൃഷ്ടിയുടെ ബീജരൂപമാണ്, ജ്ഞാനത്തിന്റെ സാഗരനാണ്, ആ ഭഗവാന്റെ മതത്തിലൂടെയാണ് ഞങ്ങൾ നടക്കുന്നത്. അതു ഞങ്ങളുടെ അച്ഛനാണ്. പരംധാമത്തിൽ വസിക്കുന്നവനാണ്, സ്വർഗത്തിന്റെ രചയിതാവാണ്. ആരാണോ അറിയുന്നത് അവരേ മഹിമ പാടൂ. മുഴുവൻ സൃഷ്ടിയെയും പാവനമാക്കുന്നത് ഒരേയൊരു ബാബയാണ്. അനേകരൊന്നും ഉണ്ടാവില്ലല്ലോ. അതുകൊണ്ട് നമ്മൾ ഒഴികെ ബാക്കി എല്ലാവരും രാവണന്റെ മതത്തിലാണ്. നമ്മൾ ശ്രീമതത്തിലൂടെ ഭാരതത്തെ വീണ്ടും ദൈവിക രാജസ്ഥാൻ ആക്കി മാറ്റുകയാണ്.  ഈ അനേക ധർമങ്ങളെല്ലാം വിനാശമാകും. ഞങ്ങൾ ഈ ബി.കെകളെല്ലാം ഇത് പ്രാക്ടിക്കൽ അനുഭവം ചെയ്തിട്ടുണ്ട്. നമ്മൾ പ്രജാപിതാ ബ്രഹ്മാവിന്റെ മക്കളാണ്. നിങ്ങളും ആണ്. എന്നാൽ നമ്മൾ പ്രാക്ടിക്കലിൽ ഇപ്പോഴാണ്.  പിന്നീട് ഭക്തിമാർഗത്തിൽ പാടപ്പെടും. പരംപിതാ പരമാത്മാവ് ബ്രഹ്മാമുഖത്തിലൂടെ മനുഷ്യസൃഷ്ടി രചിച്ചു. അവർ മനസിലാക്കുന്നത്  പെട്ടെന്ന് ദേവതയായി മാറുമെന്നാണ്. എന്നാൽ അങ്ങനെയല്ല. ബ്രഹ്മാവിലൂടെ ആദ്യം ബ്രാഹ്മണനെ രചിച്ച് പിന്നീട് വർണങ്ങളിൽ കൊണ്ടുവരുന്നു. കഥകൾ കേൾപ്പിക്കാൻ അഥവാ ഡ്രാമ മുതലായവയിലൂടെ ഒരു കാര്യവുമില്ല. ബാബയുടെ പഠിപ്പ് നല്ല രീതിയിൽ പറഞ്ഞുകൊടുക്കണം. ബാബ നമ്മളോട് എന്താണ് പറയുന്നത്? അല്ലയോ ആത്മാക്കളേ.....  മുഴുവൻ സഭയിൽ തന്നെ പറയണം-ഞങ്ങൾ ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കുന്നു-ദേവതയായി മാറുന്നതിനു വേണ്ടി. ബാബ ഞങ്ങൾക്ക് രാജയോഗം പഠിപ്പിക്കുകയാണ്. ഗീതയുടെ ഭഗവാൻ നിരാകാരനാണ്. സാകാരത്തിൽ വരുന്നുണ്ട്, പ്രജാപിതാ ബ്രഹ്മാവിന്റെ മുഖത്തിലൂടെ ഈ ബ്രാഹ്മണബ്രാഹ്മണികൾ ഉണ്ടാകുന്നു. ഞങ്ങൾ ബി.കെ കളാണ്. പരംപിതാപരമാത്മാവ് ഞങ്ങളെ ബ്രഹ്മാമുഖത്തിലൂടെ രചിച്ചിരിക്കുന്നു. ഞങ്ങൾ ശിവബാബയുടെ പേരക്കുട്ടികളാണ്. ബി.കെയുടെ പരിചയം കൊടുക്കണം. നിങ്ങൾ എല്ലാ ആത്മാക്കളും ശിവന്റെ പേരമക്കളും പ്രജാപിതാവിന്റെ കുട്ടികളുമാണ്. ഇപ്പോൾ വീണ്ടും ഈ പുതിയ രചന നടന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ മനസിലാക്കിക്കൊടുക്കണം.  എല്ലാവരും മനസിലാക്കട്ടെ-ശരിക്കും നമ്മൾ ബ്രഹ്മാവിന്റെ മക്കൾ, ശിവന്റെ പേരക്കുട്ടികളാണെന്ന്, നമ്മൾ അദ്ദേഹത്തിന്റേതായി മാറിയിരിക്കയാണെന്ന്.  അതുകൊണ്ട് ഞങ്ങളുടെ പേര് ബ്രഹ്മാകുമാർ കുമാരി എന്നാണ്. കല്പം മുമ്പ് ഇവർ ബ്രാഹ്മണനിൽ നിന്ന് ദേവത, പിന്നീട് ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ആയിട്ടുണ്ടായിരുന്നു. ഇപ്പോൾ വീണ്ടും ബ്രാഹ്മണനായി മാറിയിരിക്കുകയാണ്. ഇങ്ങനെയിങ്ങനെ നല്ല രീതിയിൽ ചക്രത്തിന്റെ രഹസ്യം ബുദ്ധിയിലിരുത്തണം. ആദ്യം ബാബയുടെ പൂർണപരിചയം കൊടുക്കണം. ബാബ  ഞങ്ങൾക്ക് കേൾപ്പിച്ചിരിക്കുന്നു. ഞങ്ങൾ പിന്നെ നിങ്ങൾക്കും കേൾപ്പിക്കുകയാണ്. ഈ ഡ്രാമയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ചക്രവർത്തിരാജാവ് എങ്ങനെയാണ് ആയി മാറുന്നത്- ഇത് ജ്ഞാനമാണ്. ഇതിൽ ഏതെങ്കിലും ആയുധത്തിന്റെ ശക്തിയൊന്നുമില്ല. ലോകത്തിന്റെ ഹിസ്റ്ററിയും ജ്യോഗ്രഫിയും തീർച്ചയായും മനുഷ്യർ തന്നെയാണ് മനസിലാക്കുന്നത്. മനുഷ്യസൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്- ഇത് തീർച്ചയായും അറിയണം.നമ്മൾ ബാബയിൽ നിന്ന് കേൾക്കുമ്പോൾ രാജാവായി മാറുന്നു. നിങ്ങൾക്കും പരിധിയില്ലാത്ത ബാബയിൽ നിന്ന്  സുഖമെടുക്കണം. അതുകൊണ്ട് പുരുഷാർഥം ചെയ്യൂ. പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് സ്വർഗത്തിന്റെ രചയിതാവ്. അവരിൽ നിന്ന് പരിധിയില്ലാത്ത സുഖം കിട്ടുമെങ്കിൽ തീർച്ചയായും പരിധിയില്ലാത്ത അച്ഛനെ ഓർമിക്കണം. ലൗകിക അച്ഛന്റെ സമ്പത്തുകൊണ്ട് തൃപ്തിപ്പെട്ടിരിക്കരുത്. നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്ന് 21 ജന്മം സുഖമെടുക്കുന്നു. ബാക്കിയെല്ലാം ഭക്തിമാർഗത്തിലെ സാമഗ്രിയാണ്. നിങ്ങൾ പറയുന്നുണ്ടല്ലോ- ശാസ്ത്രം മുതലായവ ആദി അനാദിയാണെന്ന്. എന്നാൽ ഇതെല്ലാം ഉണ്ടായിട്ടും ഇപ്പോൾ  കലിയുഗത്തിൽ വന്നെത്തിയിരിക്കുക

യാണ്. ലോകം പതീതമായി മാറിക്കൊണ്ടേയിരിക്കുന്നു. പ്രയോജനം ഒന്നും ഉണ്ടായിട്ടില്ല. ഇപ്പോൾ ബാബ സ്വയം വന്നിരിക്കുകയാണ്. നമ്മൾ ബാബയുടെ പേരമക്കൾ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രാഹ്മണരാണ്. വാസ്തവത്തിൽ അതു നിങ്ങളുടെയും അച്ഛനാണ്. ഇങ്ങനെയിങ്ങനെ നല്ല രീതിയിൽ മനസിലാക്കിക്കൊടുക്കണം. എങ്കിൽ അവരും അലിയും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം –

1. ആത്മീയ യാത്രയിൽ തല്പരരായിരിക്കണം. ഓർമയിലൂടെ ആത്മാവും ശരീരവും രണ്ടും പുഷ്പസമാനമായി മാറണം. വികർമം വിനാശമാക്കണം.

2. നമ്മൾ ഡയറക്ട് ഈശ്വരന്റെ മതത്തിലൂടെ ഭാരതത്തെ ശ്രേഷ്ഠവും , മനുഷ്യരെ ദൈവികഗുണധാരികളുമാക്കി മാറ്റുന്നതിന്റെ സേവ ചെയ്യാൻ നിമിത്തമാണ്– ഈ സ്മൃതിയിലിരിക്കണം.

### വരദാനം:– സൂര്യകാന്തി പുഷ്പത്തിന് സമാനം ജ്ഞാനസൂര്യന്റെ പ്രകാശത്തിൽ തിളങ്ങുന്ന സദാ സന്മുഖത്തും സമീപത്ത് വസിക്കുന്നവരുമായി ഭവിക്കട്ടെ.

സൂര്യകാന്തി പുഷ്പം സൂര്യന്റെ തേജസ്സിലൂടെ വിരിഞ്ഞിരിക്കുന്നു, അതിന്റെ മുഖം സൂര്യന് നേരെയായിരിക്കും, ഇതളുകൾ സൂര്യകിരണങ്ങൾക്ക് സമാനം വൃത്താകൃതിയിലായിരിക്കും. അതേപോലെ ഏത് കുട്ടികളാണോ സദാ ജ്ഞാനസൂര്യന്റെ സമീപത്തും സന്മുഖത്തും ഇരിക്കുന്നത് ഒരിക്കലും ദൂരെയേ അല്ല– അവർ സൂര്യകാന്തി പുഷ്പത്തിന് സമാനം ജ്ഞാനസൂര്യന്റെ പ്രകാശത്തിൽ സ്വയവും തിളങ്ങിക്കൊണ്ടിരിക്കും മറ്റുള്ളവരെയും പ്രകാശിപ്പിക്കും.

### സ്ലോഗൻ:– സദാ ധൈര്യശാലികളാകൂ സർവ്വർക്കും ധൈര്യം കൊടുക്കൂ എങ്കിൽ പരമാത്മാസഹായം ലഭിച്ചുകൊണ്ടിരിക്കും.